**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3118** **18-03-2022 - ൽ മറുപടിയ്ക്ക്**

**അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനായി എന്തെല്ലാം പരിശീലന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് ഇത്തരം പരിശീലനങ്ങൾ നൽകി വരുന്നതെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പരീക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ സാധ്യത ഉപയോഗപ്പെടുത്തി ഓൺലൈൻ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്) പരീക്ഷ, പി.എസ്.സി പരീക്ഷകൾ തുടങ്ങിയവയ്ക്ക് മുൻ വർഷങ്ങളിൽ ഓൺലൈൻ വഴി പരിശീലനം നൽകിയിരുന്നു. കൂടാതെ സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം നൽകുവാനും ഉദ്ദേശിക്കുന്നു. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സ്റ്റുഡിയോയിൽ ക്ലാസ്സുകൾ റെക്കോർഡ് ചെയ്ത് ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ഫെയ്സ് ബുക്ക് പേജ് വഴിയും ക്ലാസ്സുകൾ സംപ്രേക്ഷണം ചെയ്യുന്നു. യൂട്യൂബ് ചാനൽ വഴി 9,000 പേർക്കും ഫെയ്സ് ബുക്ക് പേജ് വഴി 10,000 പേർക്കും ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. |
| (ബി) | ഇത്തരം പരിശീലന കേന്ദ്രങ്ങൾ മണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; എം.എൽ.എ.യുടെ പ്രാദേശിക/ ആസ്തി വികസന ഫണ്ടുകൾ ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ഉപയോഗിക്കുവാൻ സാധിക്കുമോ; സാധിക്കുമെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ പരിശീലന പരിപാടികൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് സംഘടിപ്പിക്കുന്നത്; മണ്ഡലം അടിസ്ഥാനത്തിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ല. എം.എൽ.എ-യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെയും പ്രത്യേക വികസന നിധിയുടെയും നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ